## 3. ചരിത്ര ദർശനം

ചരിത്ര സംഭവങ്ങളുടെ കാര്യകാരണ സഹിതമുള്ള വ്യാഖ്യാനവും തദടിസ്ഥാനത്തിലുള്ള അനുമാനങ്ങളുമാണ് ചരിത്ര ദർശനം. ചരിത്രം ഗുണപാഠവും ഭാവിയുടെ വഴികാട്ടിയുമായി മാറുന്നത് അതിന്റെ ദർശനത്തിലൂടെയാണ്. ചരിത്രത്തിന് ഉണ്ട് എന്ന് പരക്കെ അംഗീകരിക്കപ്പെട്ട പ്രയോജനം പൂർണാർഥത്തിൽ സാർഥകമായി മാറുന്നത് അതിന്റെ ദർശനത്തിലൂടെയാണെന്ന് ചുരുക്കം. ചരിത്രത്തെ അപേക്ഷിച്ച് ചരിത്രദർശനത്തിൽ അഭിപ്രായ വ്യത്യാസത്തിനുള്ള സാധ്യത കൂടുതലാണ്. ഉദാഹരണത്തിന് രണ്ടാം ലോകയുദ്ധത്തിൽ സഖ്യ കക്ഷികൾ ജയിച്ചു എന്ന ചരിത്ര വസ്തുതയിൽ ആർക്കും സംശയമുണ്ടാകാനിടയില്ല. എന്നാൽ എന്തുകൊണ്ട് ജയിച്ചു എന്ന ചോദ്യത്തിന് ഉത്തരം കാണുമ്പോൾ വ്യത്യസ്ത അഭിപ്രായങ്ങൾ സ്വാഭാവികമായും പൊന്തിവരും. ഇതാണ് ചരിത്രവും ചരിത്ര ദർശനവും തമ്മിലുള്ള പ്രധാന വ്യത്യാസം. ചരിത്ര ദർശനത്തിന് തുടക്കം കുറിച്ചത് മുസ്‌ലിംകളാണെന്ന് പറയുന്നതിൽ അസാംഗത്യമില്ല. എന്തുകൊണ്ടെന്നാൽ പൗരാണികർ ചരിത്ര ദർശനത്തെക്കുറിച്ച് അധികമൊന്നും ബോധവാൻമാരായിരുന്നില്ല. തലമുറകളായി പകർന്നു കിട്ടിയ ചരിത്ര നിവേദനങ്ങൾ അപ്പടി പകർത്തിവെക്കുകയാണ് അവരധികവും ചെയ്തത്. എന്നാൽ മുൻകാല സമുദായങ്ങളുടെയും ജനപദങ്ങളുടെയും ചരിത്രം വിവരിക്കുന്നതിൽ ഖുർആൻ സ്വീകരിച്ച ശൈലിയും, ഖുർആനിക സൂക്തങ്ങളുടെ അവതരണത്തിന്റെ ചരിത്ര പശ്ചാത്തലം എന്ന ഒരു വിജ്ഞാനശാഖ തന്നെ ഖുർആനോടൊപ്പം ആവിർഭവിച്ചതും ചരിത്ര ദർശനത്തെക്കുറിച്ച് മുസ്‌ലിംകൾക്ക് ഉൾക്കാഴ്ച നല്കാൻ പര്യാപ്തമായി. ഒട്ടേറെ പുരാതന ജനസമൂഹങ്ങൾ നശിപ്പിക്കപ്പെട്ടതിനെക്കുറിച്ച് ഖുർആൻ സൂചന നല്കുന്നുണ്ട്. എന്നാൽ തകർക്കപ്പെട്ടതിന്റെ സംഭവ വിവരണം നടത്തുകയല്ല ഖുർആന്റെ ഉദ്ദേശ്യം. മറിച്ച്, അവർ നാമാവശേഷമാക്കപ്പെടാൻ നിമിത്തമായ കാരണങ്ങളെക്കുറിച്ച ബോധം പ്രദാനം ചെയ്യുകയാണ്. പില്ക്കാലത്ത് ചരിത്ര ദർശനത്തിൽ നിസ്തുല സംഭാവനകളർപ്പിച്ച ഇബ്നു ഖൽദൂനെപ്പോലുള്ളവർക്ക് പ്രചോദനമായിത്തീർന്നത് ഖുർആന്റെ ഈ ചരിത്രാഖ്യാന ശൈലിയാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. നാഗരികതകളുടെയും സംസ്കാരങ്ങളുടെയും ഉത്ഥാന പതനങ്ങളുടെ കാരണങ്ങളെക്കുറിച്ച് നടത്തിയ വസ്തുനിഷ്ഠമായ പഠനമാണ് ചരിത്രദർശനത്തിന് ഇബ്നുഖൽദൂൻ നല്കിയ മഹത്തായ സംഭാവന. തന്റെ വിശ്വവിഖ്യാതമായ *മുഖദ്ദിമഃ*യിലൂടെ ഇബ്നുഖൽദൂൻ ആവിഷ്കരിച്ച ഈ ആശയ പ്രപഞ്ചമാണ് പാശ്ചാത്യർക്ക് ചരിത്ര ദർശനത്തിന്റെ വിശാലമായ ലോകത്തേക്കുള്ള വാതിലുകൾ തുറന്നുകൊടുത്തത്. മുസ്‌ലിംകൾ തങ്ങളുടെ അധഃപതന കാലത്ത് മറ്റെല്ലാ വിജ്ഞാനങ്ങളെയും പോലെ ചരിത്ര ദർശനത്തെയും അവഗണിച്ചെങ്കിലും പാശ്ചാത്യർ ആ രംഗത്ത് ബഹുദൂരം മുന്നോട്ട് പോവുകയും തങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ താൽപര്യങ്ങൾക്ക് വേണ്ടി അവയെ അങ്ങേയറ്റം ദുരുപയോഗപ്പെടുത്തുകയും ചെയ്തു. ഇസ്‌ലാമിക സംസ്കാരവും നാഗരികതയും അതിന്റെ സകലവിധ ലാവണ്യത്തോടും കൂടി പൂത്തുലഞ്ഞ് നിന്നിരുന്ന മധ്യകാലഘട്ടത്തെ തങ്ങളുടെ മാത്രം ചരിത്രത്തിലെ ഇരുളിനെ ആസ്പദമാക്കി ലോക ചരിത്രത്തിലെ ഇരുണ്ടയുഗം എന്ന് യൂറോപ്യൻ ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത് ചരിത്രദർശനത്തിലെ യൂറോപ്പിന്റെ ഒരു വൻ ചതിക്കുദാഹരണമാണ്.

ആധുനിക കാലഘട്ടത്തിൽ ഇസ്‌ലാമിക ചരിത്ര ദർശനം പഠിക്കുന്നതിനും അവയെപ്പറ്റി ഗവേഷണം നടത്തുന്നതിനും മുൻപന്തിയിലുള്ളത് ഓറിയന്റലിസ്റ്റ് പണ്ഡിതന്മാരാണ്. ഇസ്‌ലാമിനോടുള്ള വിദ്വേഷത്തിലും വൈരത്തിലും അധിഷ്ഠിതമായ തങ്ങളുടെ പരമ്പരാഗത മാനസികാവസ്ഥയെ തൃപ്തിപ്പെടുത്താനുതകും വിധം അവർ ഇസ്‌ലാമിക ചരിത്രത്തിലെ ഓരോ സംഭവവികാസങ്ങളെയും വ്യാഖ്യാനിക്കുന്നു. ഇസ്‌ലാം ആയുധശക്തിയുടെ ബലത്തിലാണ് പ്രചരിച്ചതെന്ന വ്യാഖ്യാനം തന്നെ ഇതിനേറ്റവും വലിയ തെളിവ്. അറേബ്യാ ഉപദ്വീപിലെ ജൂതന്മാരോടുള്ള മുസ്‌ലിംകളുടെ സമീപനം, പ്രവാചക ഭാര്യമാരുടെ എണ്ണം തുടങ്ങിയ വിഷയങ്ങളെല്ലാം അവർ വ്യാഖ്യാനിക്കുന്നതും ഇപ്രകാരമാണ്. 18-ാം നൂറ്റാണ്ടോടുകൂടി മുസ്‌ലിം രാജ്യങ്ങൾ കോളനിവൽക്കരിക്കപ്പെട്ടതോടെ അവരുടെ ചരിത്രവും കോളനിവൽക്കരിക്കപ്പെടുകയുണ്ടായി. തത്ഫലമായി ഇസ്‌ലാമിക ചരിത്രത്തിലും ദർശനത്തിലും ഒട്ടേറെ വൈകല്യങ്ങളും അബദ്ധങ്ങളും അടിഞ്ഞുകൂടിയിട്ടുണ്ട്. അവയെല്ലാം ഇസ്‌ലാമിക മാനദണ്ഡമുപയോഗിച്ച് പുനഃപരിശോധനക്ക് വിധേയമാക്കിയതിന് ശേഷം ശരിയായ അർഥത്തിലുള്ള ഇസ്‌ലാമിക ചരിത്രം ക്രോഡീകരിക്കുക എന്നത് ഇസ്‌ലാമിക ചരിത്രകാരനെ സംബന്ധിച്ചിടത്തോളം ഒരു വെല്ലുവിളി തന്നെയാണ്.